# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## വേങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി2)-1914/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/04/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി2)-1914/2021 തീയ്യതി: 08/04/2022

## എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 07-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-12-2021 | 21-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) ശ്രീമതി മിനു പി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ശ്രീ. ഹരീഷ് ബാബു എൻ, അസി. ഓഡിറ്റ് ഓഫീസർ
3) ശ്രീമതി ഷൈബി ഇ ഡി, അസി. ഓഡിറ്റ് ഓഫീസർ
4) ശ്രീമതി കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5) ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.എ.ഷാജി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. എൻ.എം.മോഹനൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ.എ.സുരേഷ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.അമ്പിളി.കെ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ശ്രീമതി. സുജ പി.സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2019 | 31-12-2019 |
| ശ്രീ. ഷൈൻ.എച്ച്.പുല്ലൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2020 | 06-01-2020 |
| ശ്രീമതി.സന്ധ്യ.പി.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 06-01-2020 | 31-03-2020 |
| ഡോ.ആശാലത | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ലത.പി.കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. ഇ.സൈനബ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദുജ.കെ.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീമതി. റഫീന ബീവി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-06-2019 | 31-03-2020 |
| ശ്രീമതി. പൊന്നമ്മ. വി.ബി | ഹെഡ്മിസ്ട്രസ് ,GLPS വേങ്ങൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സിജിമോൾ.എ.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. ഫിലിപ് ജി. കാണാട്ട് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. മുകുൾ എസ്.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (കൊമ്പനാട്) | 01-04-2019 | 31-03-2020 |
| ശ്രീ. പ്രശോഭ് .കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വേങ്ങൂർ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-1 |
| 2 | വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-1-1 |
| 3 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 13-12-2021) | 1-2 |
| 5 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 07-04-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-5 |
| 9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiby.E.D (Asst. Audit Officer, On 19-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Nabeel Muhammad Abbas (Auditor, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 18-12-2021)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 18-12-2021) | 1-9 |
| 13 | ഗ്രാമസഭ<br>Written By: P.K.Minu (Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 14-03-2022) | 1-10 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 07-04-2022) | 1-11 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | 1-12 |
| 16 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 21-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | 1-13 |
| 17 | സെന്റേജ് ചാർജ്ജ് അധികം നൽകി | 1-14 |

| | | |
|---|---|---|
| | Written By: Hareesh Babu .N (Asst. Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | |
| 18 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം- വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | 1-15 |
| 19 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | 1-16 |
| 20 | എസ്.എസ്.എ വിഹിതം - വിശദമായ വിനിയോഗ വിവരം ഹാജരാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | 1-17 |
| 21 | ക്യാൻസർ വിമുക്ത എറണാകുളം-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 19-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | 1-18 |
| 22 | ന്യൂട്രിമിക്സ്- ജിഎസ് ടി നൽകിയത്<br>Written By: Kavitha S Kannan (Senior Grade Auditor, On 19-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 15-03-2022) | 1-19 |
| 23 | അഗതി രഹിത കേരള പദ്ധതി- ഉപസമിതി രൂപീകരിക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 19-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-20 |
| 24 | കേര സംരക്ഷണ പദ്ധതി - മാർഗരേഖ നിഷ്ക്കർഷിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.<br>Written By: Kavitha S Kannan (Senior Grade Auditor, On 19-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-21 |
| 25 | എ.ബി.സി പ്രോഗ്രാം -അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-22 |
| 26 | എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ചു നൽകുന്നതിനു മുമ്പായി സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിന് രേഖകളില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-23 |
| 27 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-24 |
| 28 | പ്രൊക്യുർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Shaiby.E.D (Asst. Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-25 |
| 29 | ദുരിതാശ്വാസ നിധി<br>Written By: P.K.Minu (Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-26 |
| 30 | വിവരാവകാശ നിയമം-കാര്യക്ഷമമായി നടപ്പാക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 19-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-27 |
| 31 | രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaiby.E.D (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-28 |
| 32 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-28-1 |
| 33 | വാടക രജിസ്ട്രേഷൻ- പഞ്ചായത്തിൽ നിന്നും തുക | 1-29 |

| | | |
|---|---|---|
| | ചെലവാക്കിയതിലെ അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | |
| 34 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു<br>Written By: Shaiby.E.D (Asst. Audit Officer, On 15-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വാടക രജിസ്ട്രേഷൻ- പഞ്ചായത്തിൽ നിന്നും തുക ചെലവാക്കിയതിലെ അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 3-1 |
| 2 | സെന്റേജ് ചാർജ്ജ് അധികം നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 15-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 13-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 07-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 13-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 18-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 16-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 20-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 21-12-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 16-03-2022) | 4-11 |
| **അനുബന്ധം** | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 19.02.2019 തീയതിയിൽ ചേർന്ന യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 25.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ അവതരിപ്പിക്കുകയുണ്ടായി. ഭരണസമിതിയുടെ 02.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| മുൻ ബാക്കി | 3195151 |
| വരവ് | 224895592 |
| ആകെ | 228090743 |
| ചെലവ് | 224748992 |
| നീക്കിയിരിപ്പ് | 3341751 |

### 1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് |
|---|---|---|
| വരവ് | 224895592 | 73908741 (മുൻബാക്കി ഒഴികെ) |
| ചെലവ് | 224748992 | 73602418 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളുടെ പകുതി ശതമാനത്തിലും കുറവാണ്. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 08.05.2020 |

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ**

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ സംബന്ധിച്ച് 17.12.2021ൽ നൽകിയ 18ാം നമ്പർ ഓഡിററ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് )).

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 306323/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 518826/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. സോഫ്റ്റ്വെയറിലെ അപാകതമൂലമാണെന്ന് പഞ്ചായത്ത് വിശദീകരിച്ചിട്ടുണ്ട്..

3) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 449135/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 87511/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും I -18 ഷെഡ്യൂൾ പ്രകാരം ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച അഡ്വാൻസ് കളക്ഷനിൽ ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകേണ്ടത് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നാണെന്നും അത് ലഭ്യമാക്കാൻ ഐ കെ എം-ന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

4) ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 24 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. സോഫ്റ്റ്വെയറിൽ അതിനുള്ള സംവിധാനം ഇല്ലാത്തതിനാലാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

5) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 173523/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 1785325/- രൂപയാണ് നീക്കിയിരിപ്പ്. അവശേഷിക്കുന്ന തുക SCB Own Fund ലും LGTSB Own Fund ലും ആണെന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. മുൻ വർഷങ്ങളിൽ ലഭിച്ച തുക തിരിച്ചടക്കാനുണ്ടെങ്കിൽ അതത് ഹെഡുകളിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

6) ഓഡിറ്റ് വർഷം കെ എസ് ഇ ബിയിൽ പ്രൊജക്റ്റ് നമ്പർ 15/20 പ്രകാരം 31860/-രൂപ നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം നൽകിയിട്ടുണ്ട്. എന്നാൽ നിക്ഷേപ പ്രവൃത്തിക്ക് കെ എസ് ഇ ബിക്ക് തുക നൽകിയത് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. ആയതിനാൽ നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് നൽകിയ തുകയിൽ ക്രമീകരിക്കാനവശേഷിക്കുന്ന തുകയിലും 31860/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. 2021-22 ൽ അപാകത തിരുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

7) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം സംരക്ഷണ ഗ്രാന്റ്-റോഡ് ഇനത്തിൽ തൻവർഷം 8026966/- രൂപയാണ് ചെലവ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിലെ ചെലവ്

7359124/- രൂപയാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ180/20 എന്ന പദ്ധതിയുടെ ബിൽ ഡിസ്കൗണ്ട് സിസ്റ്റം മുഖാന്തിരം പേമെന്റ് നടത്തിയ 667842/- രൂപയുടെ ചെലവ് സുലേഖയിലും വാർഷിക ധനകാര്യപത്രികയിലും ക്രമീകരിക്കാത്തതിനാലാണ് ഈ അപാകത നിലവിലുള്ളത് എന്നാണ് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. ബി ഡി എസ് മുഖാന്തിരം നൽകിയ തുക സർക്കാരിലേക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് രേഖകൾ സമർപ്പിച്ച് പഞ്ചായത്തിന്റെ കണക്കുകളിൽ ക്രമീകരിക്കേണ്ടതാണ്.

8) ഗ്രാന്റ് വിനിയോഗ പത്രികയിലെ തുകകൾ അപ്രോപ്രിയേഷൻകൺട്രോൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 13367579.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 73908741.00 |
| ആകെ | | 87276320.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 73602418.00 |
| നീക്കിയിരിപ്പ് | | 13673902.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23189 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1820721 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20631691 | 20631691 | 17322264 | 0 | 3309427 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5305000 | 5305000 | 3190188 | 0 | 2114812 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 658353 | 658353 | 607445 | 0 | 50908 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 24113000 | 24113000 | 7359124 | 0 | 16753876 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6396000 | 6396000 | 2506295 | 0 | 3889705 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 17374283 | 17374283 | 3444568 | 0 | 13929715 |
| ദുരിതാശ്വാസ നിധി | 242839 | 6936 | 249775 | 235000 | 14775 | |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം 320100121 | 765638 | 738427 | 1504065 | 424300 | 1079765 | |
| സാനിട്ടേഷൻ 320100115 | 78444 | 1223 | 79667 | 13525 | 66142 | |
| RGPSA 320100199 | 24077 | 0 | 24077 | 0 | 24077 | |
| സാക്ഷരത | 5610 | 0 | 5610 | 0 | 5610 | |
| NPRD (ബഡ്സ് ഗ്രാന്റ്) 320100127 | 228131 | 198253 | 426384 | 178227 | 248157 | |
| സംസ്ഥാനാ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വിഷ്കൃതഫണ്ട്- | | | | | | |
| വിമുക്തി ഫണ്ട് | 62500 | 355900 | 418400 | 31214 | 387186 | |
| NABARD 320200321 | 3000 | 0 | 3000 | 0 | 3000 | |
| ശുചിത്വമിഷൻ 320200322 | 2833457 | 150000 | 2983457 | 49978 | 2933479 | |
| ടോട്ടൽ സാനിട്ടേഷൻ 320300103 | 378800 | 0 | | 378800 | 378800 | 0 |
| 320200203 ഫിഷറീസ് (മത്സ്യ ക്ലബ്) | 1032 | 0 | 1032 | 0 | 1032 | |
| ലൈഫ് -സംസ്ഥാന വിഹിതം | 0 | 7500000 | 7500000 | 5400000 | 2100000 | |

| ഫണ്ടിനം | ജി ഒ പ്രൊജക്ട് തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2095309 | 2148163 |
| വികസന ഫണ്ട് (എസ്.സി.പി) | 250000 | 0 |
| വികസന ഫണ്ട് (ടി.എസ് .പി) | 117647 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1634981 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 107235 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 1633257 |

ജി ഒ പ്രൊജക്ട് തുക, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക എന്നിവ ചേർത്ത് പഞ്ചായത്ത് ഗ്രാന്റ് വിനിയോഗിച്ചതിന്റെ ശതമാനം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 22727000 | 19417573 | 3309427 | 14.56% |
| വികസന ഫണ്ട് (എസ്.സി.പി) | 5555000 | 3440188 | 2114812 | 38.07% |
| വികസനഫണ്ട് (ടി.എസ്.പി) | 776000 | 725092 | 50908 | 6.56% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 24113000 | 7359124 | 16753876 | 69.48% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6396000 | 2506295 | 3889705 | 60.81% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 17374283 | 3444568 | 13929715 | 80.17% |

ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുകകൾ പ്രയോജനപ്പെടുത്തുന്നതിൽ വലിയ വീഴ്ചകളുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. സംരക്ഷണ ഗ്രാന്റ് (റോഡ്), സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) എന്നിവ 60 ശതമാനത്തിലധികം പാഴായിപ്പോയപ്പോൾ ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ 80 ശതമാനവും പ്രയോജനപ്പെടുത്തുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടുവെന്നത് ഫണ്ട് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയും ആസൂത്രണ പരാജയവും ആണ് വെളിപ്പെടുത്തുന്നത്. ടി എസ് പി ഫണ്ട് 93 ശതമാനം ചെലവഴിച്ചുവെങ്കിലും ഈയിനത്തിലെ വരവ് 776000 മാത്രമാണ്. പഞ്ചായത്തിന്റെ സമഗ്രവികസനം സാദ്ധ്യമാകുന്ന വിധത്തിൽ പദ്ധതികൾ മാർഗ്ഗരേഖപ്രകാരം

ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 155514352 | 113 | 59120770 | 6 | 101 | 51.36% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 477710 | 1143434 | 1621144 | 1528764 | 92380 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 19610901 | 19610901 | 19610901 | |
| **ആകെ** | 477710 | 20754335 | 21232045 | 21139665 | 92380 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24240 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 6192600 | 1063 |
| വിധവാപെൻഷൻ | 4291200 | 766 |
| വാർദ്ധക്യകാലപെൻഷൻ | 7845900 | 1450 |
| വികലാംഗപെൻഷൻ | 1551600 | 271 |
| അവിവാഹിത-50 വയസ്സിന് മുകളിൽ | 295200 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14713/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2020 | 01.10.2019മുതൽ 31.12.2019വരെ | 27.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2014 മുതൽ 22.01.2014 വരെ | 2006-07 മുതൽ 2012-13 വരെ | 26.02.2014 |

**1-10 ഗ്രാമസഭ**

പഞ്ചായത്തിലെ 15 വാർഡുകളിലും ഗ്രാമസഭകൾ നിയമം അനുശാസിക്കുന്ന ഇടവേളകളിൽ ചേർന്നിട്ടില്ല. ഗ്രാമസഭ മിനിറ്റ്സുകൾ പരിശോധിച്ചതിൽ 2019-20 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ 1/2019 ൽ ചേർന്നു. പിന്നീട് ഗ്രാമസഭ ചേർന്നത് 07/2019 ലാണ്. അടുത്ത ഗ്രാമസഭ 02/2020 ൽ 2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ളതാണ്. 2020-21 വർഷത്തിൽ ഗ്രാമസഭകൾ കൃത്യമായി ചേരാൻ സാധിക്കാതെ പോയത് കോവിഡ് സാഹചര്യം മൂലമാണെന്ന വസ്തുത അംഗീകരിച്ചാൽ തന്നെയും, 2019-20 വർഷത്തിൽ 07/2019, 02/2020 എന്നീ മാസങ്ങളിലായി ആകെ രണ്ട് ഗ്രാമസഭകൾ മാത്രമാണ് ചേർന്നിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ നട്ടെല്ല് എന്ന വിശേഷിപ്പിക്കാവുന്നത്ര പ്രാധാന്യം ഗ്രാമസഭകൾക്കുണ്ടെന്നിരിക്കെ, വ്യക്തമായ അഭിപ്രായ രൂപീകരണത്തിനും, മോണിട്ടറിംഗിനും ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ഗ്രാമസഭകൾ ചേരുന്നതിനും, ജനപ്രതിനിധികൾ ജാഗ്രത പുലർത്തേണ്ടതാണ്.

**1-11 ആഭ്യന്തര നിയന്ത്രണം**

വേങ്ങൂർ പഞ്ചായത്തിൽ സേവനമാവശ്യപ്പെട്ട് വരുന്ന ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി, വർക്ക് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എന്നിവ രേഖപ്പെടുത്തലുകൾ കൃത്യമായി നടത്തി സൂക്ഷിക്കുന്നുണ്ട്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

2020-21 വർഷത്തെ വൗച്ചറുകൾ എല്ലാംതന്നെ ഓഡിറ്റിന് ലഭ്യമാക്കി. ബിൽ രജിസ്റ്റർ വിവരങ്ങളെല്ലാം രേഖപ്പെടുത്തി മികച്ച രീതിയിൽ സൂക്ഷിക്കുന്നുണ്ട്.

തൊഴിൽ നികുതി – രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ .

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് തൊഴിൽ നികുതി. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ അവശ്യം വേണ്ട ഒന്നാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ ക്രമമല്ല. കൂടാതെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വരുമാന പത്രികകൾ ക്രമമായി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന് അർഹതപ്പെട്ട തനത് വരുമാനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വരുമാന വർദ്ധനവിന് സാധ്യതകളുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഒ.ഡി.സി. പരിപാലനം

രസീത് പ്രകാരമുള്ള കളക്ഷൻ തുകകൾ ഒ.ഡി.സി. രജിസ്റ്ററുകളിൽ ചേർക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. ആയതിനാൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിലും വ്യതിയാനങ്ങൾ വന്നിട്ടുണ്ട്. രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന തുകയും യഥാർത്ഥ കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ അപാകത പരിഹരിക്കേണ്ടതാണ്.

**1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ**

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നത് സംബന്ധിച്ച ഭേദഗതി ഉത്തരവ് നടപ്പാക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും

ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും ഭേദഗതി ഉത്തരവ് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ചിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ എന്തടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് നാളിതുവരെ പഞ്ചായത്ത് കമ്മിറ്റി തിരുമാനമെടുത്തിട്ടില്ല (എൻക്വയറി നം-21/18.12.2021) ഭേദഗതി ഉത്തരവ് പ്രാബല്യത്തിലായി രണ്ട് സാമ്പത്തിക വർഷം പിന്നിട്ടിട്ടും ആയത് നടപ്പാക്കുവാൻ തീരുമാനമെടുക്കാതിരുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് പഞ്ചായത്തിന്റെ ആഭ്യന്തര സംവിധാനത്തിലെ പോരായ്മയാണ്. മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക II ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപെട്ട ജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ അപകടകരമോ, അസഹ്യമോ ആയേക്കാവുന്ന വ്യവസായങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളും, നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**1. തുക അടവാക്കിയതിൽ കുറവ്**

2019-20 വർഷത്തെ രസീത് പരിശോധനയിൽ പിരിവ് നടത്തിയ തുക യഥാക്രമം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും അടവാക്കുന്നതിലും വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് നല്കിയിട്ടുള്ളരസീത് ബുക്ക് നം.48169-ലെ രസീത് നം. 41 മുതൽ 58 വരെ 2322/- രൂപ പിരിച്ചിട്ടുണ്ട്. എന്നാൽ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ അടവാക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 17.12.2021 ലെ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയതിന്റെ രേഖകൾ ഇല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് കളക്ഷൻ തുക 2322/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**2. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല.**

രസീത് ബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

**3. പിരിച്ചെടുത്ത തുക കളക്ഷൻ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തുന്നില്ല.**

പല രസീതുകളിലും പിരിച്ചെടുത്ത തുക തെറ്റായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് ബുക്ക് നമ്പർ 48165 ലെ രസീത് നം. 85,86,87 എന്നിവയുടെ പിരിച്ചെടുത്ത തുക യഥാക്രമം 210/-, 1751/-, 235/- എന്നിങ്ങനെയാണ്, എന്നാൽ കളക്ഷൻ രജിസ്റ്ററിൽ 1751, 235, 210 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ ശരിയായി രേഖപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 സെന്റേജ് ചാർജ്ജ് അധികം നൽകി

| പ്രോജക്ട് | പട്ടികജാതി കോളനി പൈപ്പ് നീട്ടൽ (142/20) | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (20/19) |
|---|---|---|
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 260000 | 610000+43000 |
| ചെലവ് വിവരം(ബിൽ നം,ചെക്ക് നം./ തീയതി) | 248000/-(51/ 19- 20,20.03.20)കൂ ബിൽ | 1) 610000/-(298/ 27.02.2019)<br>2)43000/- (69322/ |

| | | |
|---|---|---|
| | | 18.07.2019) |

ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്ക് കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള നിക്ഷേപ പ്രവൃത്തിയായി സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 10% സെന്റേജ് ചാർജ് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റിനെ ആധാരമാക്കി തുക നൽകിയിട്ടുണ്ട്.

ആകെ പ്രവൃത്തിമൂല്യമോ എസ്റ്റിമേറ്റ് തുകയോ ഏതാണ് കുറവ് ആയതിനെ ആധാരമാക്കി സെന്റേജ് ചാർജ് നൽകണമെന്നും ഒരു കോടിയിൽ താഴെ മൂല്യമുള്ള പ്രവൃത്തികളുടെ സെന്റേജ് ചാർജ് 8% ആയിരിക്കണമെന്നും 25.07.2017ലെ ജി.ഒ.(പി) നം. 95/2017 ധന ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെയാണ് സെന്റേജ് ചാർജ് ആയി എസ്റ്റിമേറ്റ് തുകയുടെ 10% നൽകിയിട്ടുള്ളത്.

ആകെ പ്രവൃത്തി മൂല്യത്തിന്റെ 8% എന്ന നിരക്കിൽ സെന്റേജ് ചാർജ് കണക്കാക്കി അധികമായി ഒടുക്ക് വരുത്തിയ സെന്റേജ് ചാർജ് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും സാധൂകരിക്കുന്ന രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.16/17.12.2021) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ 14956/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരം ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ രേഖകൾ ഹാജരാക്കാത്തതിനാൽ നിക്ഷേപത്തുകയായ 653000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രവൃത്തിപൂർത്തീകരണത്തെയും ഒരോ പ്രവൃത്തിയുടെയും ആകെ പ്രവൃത്തിമൂല്യത്തെ ആധാരമാക്കി കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട തുക കണക്കാക്കി മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി സെന്റേജ് ചാർജ് പുനർനിർണയിച്ച ശേഷം തുക നിക്ഷേപിക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപ തുക ശേഷിക്കുന്നുവെങ്കിൽ ആയത് തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തിയതിനെ സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## <u>1-15 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം- വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല</u>

| | |
|---|---|
| പ്രോജക്ട് | 1)അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം (216/20)<br>2)അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം (248/20) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1) 671600/-രൂപ വികസനഫണ്ട് ജനറൽ<br>2)335800/-രൂപ വികസനഫണ്ട് ജനറൽ |
| ചെലവ് വിവരം (ബിൽ നം,തീയതി) | 1)335800/-(27/19-20, 10.12.2019)<br>2)335800/-(28/19-20, 10.12.2019)<br>3)335800/-(39/19-20, 30.01.2020) |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലെ ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ട് സർക്കാർ ഉത്തരവ് (സാധാ) നം.6105/2019/ധനം, തീയതി 01.08.2019 പ്രകാരവും, സർക്കാർ ഉത്തരവ് (സാധാ) നം.10050/2019/ധനം, തീയതി 21.12.2019 പ്രകാരവും, തുക ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എത്ര ജീവനക്കാർക്ക് എത്ര മാസങ്ങളിലെ തുകയാണിത് എന്നതിന്റെ കണക്കും, ബന്ധപ്പെട്ട വകുപ്പിൽ നിന്നും തുക ആവശ്യപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭിച്ചില്ല.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/10.12.2021) മറുപടി ലഭിച്ചില്ല. തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിനെ സാധൂകരിക്കുന്ന എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കുകയും അവ ഓഡിറ്റിന് സമർപ്പിക്കുകയും ചെയ്യേണ്ടത് സ്ഥാപനത്തിന്റെ

ഉത്തരവാദിത്വമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 1007400/-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

**1-16 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല**

2019-20 സാമ്പത്തിക വർഷം മഴക്കാല പൂർവ്വ ശുചീകരണത്തിനുവേണ്ടി ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും വാർഡ് തല സാനിട്ടേഷൻ സമിതികൾക്ക് ആകെ 75000/-രൂപ (ചെക്ക് നമ്പർ.069325/24.07.2019) കൈമാറിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന് ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിനാൽ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സർക്കാർ നിർദ്ദേശം [സ.ഉ (സാധാ)നം.923/2019/ത.സ്വ.ഭ.വ തീയതി 02.05.2019] നൽകിയിരുന്നു. ഈ തുക വിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/12.12.2021) നൽകിയതിന് ലഭിച്ച മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥ മുഴുവൻ തുകയും ചെലവഴിച്ചതായി അറിയിച്ചുകൊണ്ട് ഒരു കത്താണ് നൽകിയത്. മഴക്കാല പൂർവ്വ ശുചീകരണത്തിന് വിനിയോഗിച്ച തുകയുടെ വിശദമായ വിവരം ഹാജരാക്കിയില്ല. ചെലവഴിച്ച തുകയുടെ വൗച്ചറുകളോ, അനുബന്ധ രേഖകളോ ഹാജരാക്കാതിരുന്നത് ശരിയായ നടപടിയല്ല. ആയത് ഹാജരാക്കേണ്ടതാണ്. അതു വരെ 75000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-17 എസ്.എസ്.എ വിഹിതം - വിശദമായ വിനിയോഗ വിവരം ഹാജരാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് | എസ് എസ് എ വിഹിതം,<br>S0003/2020 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 1933600/-(വികസന ഫണ്ട്) |
| ചെലവ് വിവരം<br>ബിൽ നമ്പർ/തീയതി | 1)966800/-08/ 19-20,13.08.2019<br>2)966800/-09/ 19-20,13.08.2019 |

മേൽ പദ്ധതി പ്രകാരം 1933600/-രൂപ എസ്.എസ്.എ ജില്ലാ പ്രോജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.എ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ നൽകിയ കത്തിലെ എസ്റ്റിമേറ്റ് പ്രകാരം യൂണിഫോം, അധ്യാപകർക്കുള്ള ട്രെയിനിംഗ്, സ്പോർട്സ് ആന്റ് ഫിസിക്കൽ എജ്യൂക്കേഷൻ, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് തുടങ്ങി വിവിധ ഇനങ്ങൾക്കുള്ള പ്രതീക്ഷിത ചെലവ് തുകയാണ് 1933600/- രൂപ. 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ)11/2018/ത.സ്വ.ഭ.വ നമ്പരായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ളൊരു പങ്കാളിത്തം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.02/09.12.2021) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ചെലവ് തുകയായ 1933600/-രൂപയുടെ പൂർണ്ണമായ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-18 ക്യാൻസർ വിമുക്ത എറണാകുളം-പദ്ധതി നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട്നം<br>പേര് | 224/20<br>ക്യാൻസർ വിമുക്ത എറണാകുളം |
| അടങ്കൽ | 1,00,000/- ( വികസന ഫണ്ട്) |
| ചെലവ് | 85032/- |
| ബിൽ നമ്പർ | 21/19-20,17.02.2020 - 35205/-<br>22/19-20,17.02.2020 -39827/-<br>29/19-20,17.03.2020 -10000/- |

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ ക്യാൻസർ വിമുക്ത എറണാകുളം എന്ന പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ക്യാൻസർ കെയർ ബോധവൽക്കരണം, പരിശീലനം, പ്രൈമറി സ്ക്രീനിംഗ് ക്യാമ്പ്, ക്യാൻസർ രോഗികൾക്ക് ചികിത്സക്കുള്ള യാത്രചെലവ് വഹിക്കൽ എന്നിവയാണ് പ്രോജക്ടിനാൽ നടപ്പാക്കാനുദ്ദേശിച്ചിരുന്ന പ്രവ്യത്തികൾ. എന്നാൽ ബോധവൽക്കരണം, യാത്രചെലവ് വഹിക്കൽ എന്നിവയാണ് പ്രോജക്ട് മുഖേന നടപ്പാക്കിയിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നു. പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/ തസ്വഭവ, തീയതി – 14.02.2018, പൊതുനിബന്ധനകൾ – ഖണ്ഡിക 2.2 പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്കൊഴികെ പണമായി സബ്ഡിഡി നൽകാൻ പാടില്ല. എന്നാൽ പ്രോജക്ടിൽ പെടുത്തി ബിൽ നമ്പർ-29/19-20 പ്രകാരം രണ്ട് വ്യക്തികൾക്ക് ചികിത്സയ്ക്കായുള്ള യാത്രചെലവിലേയ്ക്ക് 5000/- രൂപ വീതം നൽകിയിട്ടുണ്ട്.

2) മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ , സെമിനാറുകൾ എന്നിവ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല. മേൽ പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിവിധ തീയതികളിൽ ക്യാൻസർ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് നടത്തിയതിനാണ് 75032/- രൂപ (35205+39827) പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10.12.2021 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്യാൻസർ രോഗത്തിന്റെ ക്യാമ്പുകൾ പോലെ വളരെ പ്രാധാന്യമുള്ളതാണ് ബോധവൽക്കരണക്യാമ്പുകളെന്നും എറണാകുളം ജില്ല ക്യാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി തന്നെയാണ് ആയത് നടത്തി വരുന്നതെന്നും അറിയിച്ചു. ഭരണാനുമതിയും ഡിപിസി അംഗീകാരവും ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ടിലുൾപ്പെടുത്തി യാത്രച്ചെലവ് അനുവദിച്ചതെന്നും വ്യക്തമാക്കി. സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് ചെലവഴിക്കുന്നതിന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ച് മാത്രം നടപ്പാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## <u>1-19 ന്യൂട്രിമിക്സ്- ജിഎസ് ടി നൽകിയത്</u>

| | |
|---|---|
| പ്രോജക്ട്നം, പേര് | 7/20<br>അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 1799057/-<br>1349057- വികസനഫണ്ട്<br>450000-കേന്ദ്രവിഹിതം |
| ചെലവ് | 1773357/-<br>1349057-വികസനഫണ്ട്<br>424300- കേന്ദ്രവിഹിതം |
| ബിൽ.നം, തീയതി, തുക | 1) 1/19-20/18.8.19-674696/- |
| | 2) 2/19-20/22.8.19-21445/- |
| | 3) 3/19-20/30.8.19-34526/- |
| | 4) 4/19-20/19.10.19-45809/- |
| | 5)5/19-20/20.11.19-292305/- |
| | 6) 7/19-20/20.12.19-23615/- |
| | 7)8/19-20/30.1.20-256661/- |
| | 8)SBI/06935/28.1.20-73926/- |
| | 9)SBI/06930/ 20.3.20-100504/- |
| | 10)SBI/0693/ 30.3.20-249870/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ഒജ്യൂസ് ന്യൂട്രിമിക്സ് ആക്ടിവിറ്റി ഗ്രൂപ്പാണ് (കീഴില്ലം, രാമമംഗലം)

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണയൂണിറ്റ് നൽകിയ ബില്ലുകളിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി കൂടി ചുമത്തിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സ് ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 8/22.4.19 | 31150 | 1556 | ട്രഷറിബിൽ 1/19-20.18.8.19 |
| 2 | 16/28.5.19 | 31990 | 1598 | |
| 3 | 19/15.6.19 | 23660 | 1182 | |
| 4 | 28/22.7.19 | 33250 | 1662 | |
| 5 | 42/29.8.19 | 34650 | 1732 | ട്രഷറിബിൽ 4/19-20/ 19.10.19 |
| 6 | 57/15.10.19 | 50610 | 2530 | ട്രഷറിബിൽ 5/19-20/ 20.11.19 |
| 7 | 69/19.11.19 | 40110 | 2004 | ട്രഷറിബിൽ 8/19-20/ 30.1.20 |
| 8 | 79/16.12.19 | 39480 | 1974 | |
| 9 | 87/5.1.20 | 39270 | 1962 | ചെക്ക്.നം- 069353/28.1.20 |
| 10 | 104/27.2.20 | 39270 | 1962 | ചെക്ക്.നം- 069301/20.3.20 |
| 11 | 105/12.3.20 | 41160 | 2058 | |

വനിതാ ശിശുവികസന ഡയറക്ടറുടെ 18.8.21 ലെ കത്തിൽ ഈ വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ലഭ്യമാവുന്നതുവരെ ജി.എസ്.ടി നൽകാം എന്ന് സൂചിപ്പിച്ചതിനാലാണ് തുക നൽകിയതെന്നാണ് ഓഡിറ്റ് എൻക്വയറി - 15/16.12.21 ന് ലഭിച്ച മറുപടി. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരം നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള ഇനങ്ങളായതിനാൽ നൽകിയ ജി.എസ്.ടി റീഫണ്ടായി വിതരണക്കാർക്ക് ലഭിക്കുന്നതിന് സാധ്യതയുണ്ട്. ജി.എസ്.ടി റീഫണ്ട് ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

**1-20 അഗതി രഹിത കേരള പദ്ധതി- ഉപസമിതി രൂപീകരിക്കേണ്ടതാണ്**

അഗതി രഹിത കേരള പദ്ധതിക്കായി തൻവർഷം പഞ്ചായത്ത് 97/20 നമ്പർ പ്രോജക്ട് തയ്യാറാക്കുകയും വികസനഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണക്കിറ്റ് വാങ്ങി നൽകുന്നതിലേയ്ക്ക് ചെലവഴിച്ചിട്ടുള്ളതുമാണ്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് കുടുംബശ്രീയുടെ (സിഡിഎസ്) രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ അഗതി രഹിത കേരള പദ്ധതിയുടെ മാർഗരേഖ നിർദ്ദേശമനുസരിച്ച് ഉപസമിതി രൂപീകരിച്ചിട്ടില്ലായെന്ന് കാണുന്നു. (സ.ഉ (എം.എസ്) 252/17/ത.സ്വ.ഭ.വ, 12.12.2017) (ഓഡിറ്റ്എൻക്വയറി-16/16.12.21 )

പദ്ധതി പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതുണ്ട്. ഉപസമിതി മൂന്നു മാസത്തിലൊരിക്കൽ വിലയിരുത്തൽ സമിതിയോഗത്തിന് മുമ്പായി ചേരേണ്ടതും ഉപസമിതിയുടെ റിപ്പോർട്ട് തുടർന്ന് വരുന്ന വിലയിരുത്തൽ സമിതിയും പഞ്ചായത്ത് കമ്മിറ്റിയും വിലയിരുത്തി പദ്ധതി പ്രവർത്തനത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ് (ഖണ്ഡിക- 5.1)

പഞ്ചായത്തിൽ ഉപസമിതി രൂപീകരിച്ചിട്ടില്ല (ഉപസമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ-3.1) പരാമർശിച്ചിട്ടുള്ളതാണ്) വിലയിരുത്തൽ സമിതിയാവട്ടെ 2019-20 വർഷം ആകെ ഒരു പ്രാവശ്യം മാത്രമാണ് (6.7.19) യോഗം ചേർന്നിട്ടുള്ളത്. ആയതിനാൽ പദ്ധതിയുടെ മോണിട്ടറിംഗ് തൻവർഷം ഫലപ്രദമായി നടത്തിയിട്ടില്ല എന്നത് വ്യക്തമാണ്. പഞ്ചായത്ത് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിച്ചതായോ യോഗങ്ങളിൽ ചർച്ച ചെയ്തതായോ മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നില്ല. ഗുണഭോക്താക്കൾക്ക് ആനുകൂല്യം മുടങ്ങാതെ ലഭ്യമാകുന്നുണ്ടെന്നും പദ്ധതി പ്രവർത്തനം സുഗമമായി നടക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിനാൽ മേൽ അപാകത പരിഹരിക്കേണ്ടതും മാർഗരേഖ അനുശാസിക്കും വിധം വിലയിരുത്തൽ നടത്തി ഉപസമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഫലവത്തായി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-21 കേര സംരക്ഷണ പദ്ധതി - മാർഗരേഖ നിഷ്കർഷിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് | 119/20 |
| പ്രോജക്ടിന്റെ പേര് | കേരസംരക്ഷണപദ്ധതി |
| അടങ്കൽ | 533390/-<br>വികസന ഫണ്ട്-400000<br>ഗുണഭോക്തൃവിഹിതം-133390 |
| ചെലവ് | 400000/-വികസന ഫണ്ട് |
| ബിൽ നമ്പർ | 1)6/19-20,18.1.20 -74250/-<br>2)7/19-20,18.1.20 -74250/-<br>3)8/19-20,18.1.20 -74250/-<br>4)9/19-20,16.9.20-177250/- |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി ജൈവ കീടനാശിനി പ്രയോഗിച്ചുള്ള കേരസംരക്ഷണ നടപടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. 5000 എണ്ണം തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് ചെയ്തതിന് ആകെ 400000/- രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ്) 22/2018 തസ്വഭവ 14.02.2018 ഖണ്ഡിക നം. 6.1, ക്രമ നം.15 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലെ കീടരോഗബാധയും നിവാരണപ്രവർത്തനങ്ങളും സംബന്ധിച്ച് കൃഷി ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ട് മേലുദ്യോഗസ്ഥൻ അംഗീകരിക്കേണ്ടതും ആയത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും തീരുമാനത്തിന് വിധേയമായി നടപ്പാക്കാവുന്നതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം കൃഷി ഓഫീസർ തയ്യാറാക്കി മേലുദ്യോഗസ്ഥൻ അംഗീകരിച്ച റിപ്പോർട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടുള്ള 17.12.2021 ലെ 20 ാം നമ്പർ എൻക്വയറിക്ക് മറുപടി നൽകിയില്ല. മാത്രമല്ല പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന വാർഡ് കൺവീനർമാരുടെ സാക്ഷ്യപത്രങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-22 എ.ബി.സി പ്രോഗ്രാം -അപാകതകൾ**

| | |
|---|---|
| പദ്ധതി | എ ബി സി പ്രോഗ്രാം, (1/20) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 200000/- |
| ചെലവ് | 199500/- |
| ബിൽ നം/തീയതി | 20/19-20/28.10.2019 |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 2100/- രൂപ നിരക്കിൽ 95 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി 199500/- രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക്

കൈമാറിയിട്ടുണ്ട്. പ്രോജക്ട് നടത്തിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) നായപിടുത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്കാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. 27.08.2016 ലെ 45151/ആർ.സി3/ 2014/ത.സ്വ.ഭ.വ നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ തുടർ വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2) സ.ഉ (സാധാ) നം.3247/2016/ത.സ്വ.ഭ.വ തീയതി 30.11.2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കാൻ മൈക്രോ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3) എല്ലാവർഷവും തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തൻവർഷം 95 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായിട്ടാണ് ലക്ഷ്യമിട്ടത്. എന്നാൽ 2018-19 ൽ എ.ബി.സി പ്രോഗ്രാം പ്രകാരം 94 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി 98700/-രൂപ നൽകിയെങ്കിലും 47 നായ്ക്കളെ മാത്രമാണ് വന്ധ്യംകരിച്ചത്. കുറവ് വന്ന 47 നായ്ക്കളെ വന്ധ്യംകരിച്ചത് 2019-20 സാമ്പത്തിക വർഷമാണ്. അതിനാൽ 2019-20 ൽ 95 നായ്ക്കളെ വന്ധ്യംകരിയ്ക്കുന്നതിനായി ആവശ്യപ്പെട്ടതിൽ 48 നായ്ക്കളെ മാത്രമേ വന്ധ്യംകരിച്ചിട്ടുള്ളൂ. ബാക്കിയുള്ള 47 നായ്ക്കളെ വന്ധ്യംകരിച്ചിട്ടില്ല എന്ന് വ്യക്തമാണ്.

4) കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ 29.07.2019 തീയതിയിലെ 2221/എ.ബി.സി/2018/ കെ.എസ്.ഇ.കെ.എം നമ്പർ കത്ത് പ്രകാരം കാക്കനാടുള്ള യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ 385402010061958 നമ്പർ അക്കൌണ്ടിലേക്ക് തുക നിക്ഷേപിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഈ കത്തിന്റെയും, 05.05.2017-ലെ സ.ഉ(സാധാ.)1450/17/ത.സ്വ.ഭ.വ ഉത്തരവും പ്രകാരമാണ് ജില്ലാ കുടുംബശ്രീ മിഷന് തുക കൈമാറിയിട്ടുള്ളത്. മേൽപ്പറഞ്ഞിട്ടുള്ള അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.10/12.12.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച വിശദീകരണത്തിൽ 2018-19 ൽ 47 നായ്ക്കളെ വന്ധീകരിക്കുന്നതിനാണ് കുടുംബശ്രീ ജില്ലാ മിഷന് തുക നൽകിയതെങ്കിലും 47 നായ്ക്കളെ കൂടി വന്ധീകരണം നടത്തിയതായി കരാർ ഏജൻസി തെറ്റിദ്ധാരണ കാരണം ചെയ്തു പോയതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 47 എണ്ണത്തിനെ കൂടി പ്രജനന നിയന്ത്രണം ചെയ്തതിന്റെ തുക നൽകണമെന്ന് 21.03.2020 ൽ ഗ്രാമപഞ്ചായത്തിൽ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷം മുൻ വർഷം ജില്ലാ മിഷൻ തെറ്റിദ്ധാരണ കാരണം വന്ധീകരിച്ച നടത്തിയ 47 നായ്ക്കളുടെ തുകയുൾപ്പെടെ നൽകുകയുണ്ടായി. എന്നാൽ ഇത് തെളിയിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ തന്നെ ഇത്തരത്തിൽ തെറ്റിദ്ധാരണ കാരണം വന്ധീകരണം നടത്തിയ നായ്ക്കളുടെ എണ്ണത്തിലും തെറ്റിദ്ധാരണ വന്നത് തന്നെയാവും. ആയതിനാൽ തെറ്റിദ്ധാരണ കാരണം വന്ധീകരിച്ച 47 നായക്കളുടെ തുകയായ 98700/-രൂപ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ഈടാക്കേണ്ടതാണ്. പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇത്തരത്തിൽ പ്രജനന നിയന്ത്രണത്തിനായി നിയോഗിച്ചതെന്ന് കുടുംബശ്രീ അറിയിച്ചതായി പറഞ്ഞുവെങ്കിലും ആയത് തെളിയിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

27.08.2016 ലെ 45151/ആർ.സി3/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് വരും വർഷങ്ങളിൽ ഉറപ്പ് വരുത്തേണ്ടതും ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട വിശദാംശങ്ങൾ,വിനിയോഗ സാക്ഷ്യപത്രം എന്നിവ കുടംബശ്രി ജില്ല മിഷൻ കോ ഓഡിനേറ്ററിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-23 എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച നൽകുന്നതിനു മുമ്പായി സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിന് രേഖകളില്ല

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം താഴെ പറയുന്ന സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ച

നൽകിയിട്ടുണ്ട്.

1. മേയ്ക്കപ്പാല എൽ പി എസ് -സർക്കാർ സ്കൂൾ

2. വാണിയപ്പിള്ളി എൽ പി എസ് - സർക്കാർ സ്കൂൾ

3. പുഴക്കാട് എൽ പി എസ്- സർക്കാർ സ്കൂൾ

4. പാണിയേലി എൽ പി എസ് - സർക്കാർ സ്കൂൾ

5. നെടുങ്ങപ്ര സെന്റ് ആന്റണീസ് യു.പി.എസ് -എയ്ഡഡ് സ്കൂൾ

6. കൊമ്പനാട് മാർത്തോമ എൽ പി എസ്, ക്രാരിയേലി-എയ്ഡഡ് സ്കൂൾ

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) 159/20- എൽ പി സ്കൂളുകളിൽ പെൺകുട്ടികൾക്ക് ടോയ്‌ലറ്റ്

അടങ്കൽ - 600000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് - 599260/-രൂപ

എഗ്രിമെന്റ് നം. 12/AE/LSGD/VNGR/17-18,11.12.2017

കരാറുകാരൻ - ശ്രീ.ദിനു കെ ചന്ദ്രൻ

അളവ് പുസ്തകം- 159/18-19,558/18-19, 559/18-19

2) 194/20-

7,13 വാർഡുകളിലെ എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം

അടങ്കൽ - 378000 (പെർഫോമൻസ് ബേസ്ഡ് ഇന്റൻസീവ് ഗ്രാന്റ് )

ചെലവ് - 378000/-രൂപ

എഗ്രിമെന്റ് നം. 69/AE/LSGD/VNGR/18-19,01.02.2019

കരാറുകാരൻ - ശ്രീ.ജിറ്റോ കെ ബേബി

അളവ് പുസ്തകം- 564/18-19

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം. 11/2018/തസ്വഭവ തിയതി 29.02.2018 ലെ ഖ.7.6 (വിദ്യാഭ്യാസം) എന്ന ഖണ്ഡികയിലെ ക്രമ നം. 8 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനുശേഷം എയ്ഡഡ് സ്കൂളുകളിലും അത്തരം സൗകര്യം ഏർപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ മേയ്ക്കപ്പാല, വാണിയപ്പിള്ളി, പുഴക്കാട്, പാണിയേലി എന്നീ സർക്കാർ സ്കൂളുകൾ കൂടാതെ നെടുങ്ങപ്ര, കൊമ്പനാട് എന്നീ 2 സർക്കാർ എയ്ഡഡ് സ്കൂളുകൾ കൂടി നിലവിലുണ്ട്. മേൽപ്പറഞ്ഞ 4 സർക്കാർ സ്കൂളുകളുടേയും അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിനുശേഷമാണ് 2 എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയതെന്ന് ഉറപ്പാക്കുന്ന പരിശോധനാ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിനുശേഷമാണ് എയ്ഡഡ് സ്കൂളിനായി തുക ചെലവഴിച്ചതെന്ന് ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.13/15.12.2021) മുഖേന ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ആവശ്യമായ വിലയിരുത്തൽ നടത്തി രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം മേൽ സൂചിപ്പിച്ച തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതി | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ, (162/20) |
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 489450/- |
| ചെലവ് | 122362/- |
| ബിൽ നം/ തീയതി | 18/19-20/18.10.2019 |

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ നന്നാക്കുന്നതിനായി 2018-19 ൽ ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1) കരാറുകാരനായ ശ്രീ പി എ നാരായണൻ നായർ, പടിക്കപ്പുറത്ത്, മേയ്ക്കപ്പാല, വേങ്ങൂരുമായി ചമച്ച കരാറിൽ എസ്റ്റിമേറ്റ് തുക, റിപ്പയർ ചെയ്യേണ്ട വിവിധതരം വിളക്കുകൾക്ക് നിശ്ചയിച്ച നിരക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. കരാർ കാലാവധി സംബന്ധിച്ചും യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

2) തെരുവ് വിളക്കുകൾ നന്നാക്കിയതിന്റെ നാലാം ഗഡു തുക നൽകുന്നത് 2019-20 സാമ്പത്തിക വർഷമാണ്. വാർഡ് മെമ്പർമാർ തെരുവ് വിളക്കുകൾ നന്നാക്കിയെന്ന് സാക്ഷ്യപ്പെടുത്തി നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുള്ളത്. എത്രത്തോളം തെരുവ് വിളക്കുകൾ വാർഡുകളിൽ 2019-20 ൽ നന്നാക്കിയെന്നതിന്റെ വിവരം കാണിച്ചിട്ടില്ല. ആയത് രേഖപ്പെടുത്താതെ തുക നൽകിയതിന്റെ കാരണം അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ)ൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷം എത്ര തെരുവ് വിളക്കുകൾ നന്നാക്കിയെന്നത് സംബന്ധിച്ച യാതൊരുവിധ വിവരവും എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ കണക്കുകളിൽ നിന്ന് പ്രവൃത്തി എപ്രകാരമാണ് നടത്തിയതെന്നതിൽ വ്യക്തതയില്ല.

3) സർക്കാർ ഉത്തരവ് നം.65529/ഡി.ഡി3/12/ത.സ്വ.ഭ.വ. തീയതി 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

എ) മീറ്ററിംഗ് സമ്പ്രദായത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ.

ബി) വിളക്കുകൾ റിപ്പയർ ചെയ്തതായി കെ.എസ്.ഇ.ബിയുടെ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം ലഭ്യമാക്കണം.

എന്നാൽ മേൽ രണ്ട് നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.08/12.12.2021) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും, കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുന്നതാണ്. അപാകതകൾ ഇല്ലാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-25 പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല</u>**

സ.ഉ (പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ അപ്രകാരമുള്ള നടപടിക്രമം പാലിച്ചിട്ടില്ല. 2019-20 വർഷം അസിസ്റ്റന്റ് സെക്രട്ടറി, ഐ സി ഡി എസ് സൂപ്പർവൈസർ എന്നിവർ നടപ്പാക്കിയ പദ്ധതികളിലെ വാങ്ങൽ മാത്രമാണ് കമ്മിറ്റി പരിഗണിച്ചിട്ടുള്ളത്. വെറ്റിനറി സർജൻ നടപ്പാക്കിയ കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ വാങ്ങൽ (പ്രൊജക്ട് നം.140/20), ബില്ലിംഗ് മെഷീൻ വാങ്ങൽ (പ്രൊജക്ട് നം.138/20) എന്നിവയൊന്നും പ്രൊക്യൂർമെന്റ്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നതിന് രേഖയില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്റ്റ് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും പ്രൊക്യർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതുമാണ്. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഭരണസമിതി കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-26 ദുരിതാശ്വാസ നിധി

വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകരിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 27.12.2007ലെ പഞ്ചായത്ത്കമ്മിറ്റി യോഗത്തിലെ തീരുമാന പ്രകാരം പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് ഈ കമ്മിറ്റി യോഗം ചേരുകയും അർഹരായവർക്ക് ധനസഹായം നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ 2019-20 വർഷത്തിൽ ഇപ്രകാരം ലഭിച്ച അപേക്ഷകരിൽ നിന്ന് 63 പേർക്ക് 2,35000/-ധനസഹായം നൽകിയിട്ടുണ്ട്. 2019-20 വർഷത്തെ ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 242839.00 |
| വരവ് | 6936.00 |
| ആകെ | 249775.00 |
| ചെലവ് | 235000.00 |
| നീക്കിയിരിപ്പ് | 14775.00 |

രോഗങ്ങളാലും, ദുരിതങ്ങളാലും കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തിന് ആശ്വാസമേകുന്ന തരത്തിൽ പഞ്ചായത്തിൽ നിന്നും അവശ്യ ഘട്ടങ്ങളിൽ ധനസഹായം നൽകുന്ന നടപടി ശ്ലാഘനീയവും മാതൃകാപരവുമാണ്.

## 1-27 വിവരാവകാശ നിയമം-കാര്യക്ഷമമായി നടപ്പാക്കുന്നില്ല

വിവരാവകാശ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 75 അപേക്ഷകളാണ് പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളത്. അപേക്ഷകൾക്കെല്ലാം മറുപടി നൽകിയിട്ടുണ്ടെങ്കിലും പല അപേക്ഷകൾക്കും നൽകിയ വിവരം തൃപ്തികരമല്ലാത്തതിനാൽ അപേക്ഷകൻ അപ്പീൽ പോവുകയും അപ്പീൽ അധികാരിയുടെ പരിശോധനയിൽ പഞ്ചായത്ത് നൽകിയ മറുപടി തൃപ്തികരമല്ലായിരുന്നുവെന്ന് കണ്ടെത്തുകയും കൃത്യമായ വിവരം അപേക്ഷകന് നൽകുന്നതിന് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

ശ്രീ തോമസ് കെ ജോർജ്, കണ്ടത്തിൽ വീട്, കൊച്ചുപുരയ്ക്കൽകടവ് എന്ന വ്യക്തി 18.12.2019 ന് വിവരാവകാശ നിയമപ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ പി ഡബ്ല്യു ഡി, ജില്ലാ പഞ്ചായത്ത് ഒഴികെയുള്ള റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ ദൈർഘ്യം, പേര് മുതലായ വിവരങ്ങളും കഴിഞ്ഞ നാല് വർഷത്തിനിടെ പഞ്ചായത്തിൽ നിർമ്മാണം നടന്നിട്ടുള്ള റോഡുകളുടെ ഇനം (ടാർ, കോൺക്രീറ്റ്, ടൈൽസ്) തിരിച്ചുള്ള വിവരങ്ങളും ചെലവായ തുക, കോൺട്രാക്ടറുടെ പേര് വിലാസം എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഇതിന് ഓഫീസിൽ വന്ന് ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ച് ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കാവുന്നതാണ് എന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്.

ലഭ്യമായ വിവരം തൃപ്തികരമല്ലെന്ന് കാണിച്ച് അപേക്ഷകൻ അപ്പീൽ അധികാരിയായ എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ സമീപിക്കുകയും 13.02.2020 ലെ എ ഡി പി-ഇ കെ

എം/49/2020-PA1/KDis നമ്പറായി തീർപ്പാക്കുകയും ചെയ്ത അപ്പീൽ അപേക്ഷയിലെ പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഒന്നാമത്തെ ചോദ്യത്തിന് 20.01.2020 ന് രാവിലെ 11 മണിക്ക് ആഫീസിൽ ഹാജരായി ആവശ്യമുള്ള വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ച് ശേഖരിക്കേണ്ടതാണെന്നും ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ലാത്തതും തുടർന്നുള്ള ഓരോ മണിക്കൂറിനും അതിന്റെ അംശത്തിനും 10/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണെന്നും ഉള്ള മറുപടി തൃപ്തികരമല്ലെന്ന് അപ്പീൽ അധികാരി വിലയിരുത്തി. കേരള വിവരാവകാശ (ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം) ചട്ടങ്ങൾ-2006 ചട്ടം 4 (ഡി) പ്രകാരം രേഖകളുടെ പരിശോധനയ്ക്ക് ആദ്യത്തെ ഒരു മണിക്കൂർ സൗജന്യമായും പിന്നീടുള്ള ഓരോ 30 മിനിറ്റിനും അതിന്റെ ഭാഗത്തിനും 10/- രൂപ നിരക്കിൽ ആണ് ഫീസ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

2) ബഹു.സർക്കാരിന്റെ 03.12.2007 തീയതിയിലെ 54876/സിഡിഎൻ5/ 2007/പൊ.ഭ.വ സർക്കുലർ പ്രകാരം 1ാമത്തെ ചോദ്യത്തിന് അപേക്ഷകനെ ഓഫീസിലേക്ക് ഫയൽ പരിശോധനയ്ക്ക് ഹാജരാകുവാൻ നോട്ടീസ് നൽകേണ്ട സാഹചര്യം ഇല്ലായിരുന്നുവെന്നും സചിത്ര സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ച് അപ്പീൽവാദിയോട് പകർപ്പ് ഫീസടയ്ക്കുവാൻ ആവശ്യപ്പെടേണ്ടതായിരുന്നുവെന്നും അപ്പീൽ അധികാരി നിരീക്ഷിച്ചു.

3) അപ്പീൽവാദിയുടെ കഴിഞ്ഞ നാല് വർഷം പഞ്ചായത്തിൽ നടന്ന റോഡ് നിർമ്മാണം സംബന്ധിച്ച രണ്ടാമത്തെ ചോദ്യത്തിനും ആഫീസിൽ ഹാജരായി ആവശ്യമുള്ള വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കേണ്ടതാണെന്നുള്ള മറുപടിയും തൃപ്തികരമല്ലെന്ന് അപ്പീൽ അധികാരി വിലയിരുത്തി. റോഡുകളുടെ നിർമ്മാണത്തിന്റെ നിർവ്വഹണോദ്യോഗസ്ഥൻ മറ്റൊരു പൊതു അധികാരിയായ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർ ആയതിനാൽ ടി വിവരങ്ങളുടെ മറുപടിക്കായി അപേക്ഷ വിവരാവകാശ നിയമം -2005 സെക്ഷൻ 6(3) പ്രകാരം എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനിയർക്ക് കൈമാറേണ്ടതായിരുന്നുവെന്നും അപ്രകാരം അപേക്ഷ കൈമാറാതിരുന്നത് വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും അപ്പീൽ അധികാരി വിലയിരുത്തി.

ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനകം സചിത്ര ആപ്ലിക്കേഷനിലുള്ള റോഡുകളുടെ വിവരങ്ങൾ സിഡിയിലാക്കി സൗജന്യമായി അപ്പീൽവാദിക്ക് നൽകാൻ നിർദ്ദേശിച്ചാണ് അപ്പീൽ തീർപ്പാക്കിയിട്ടുള്ളത്.

വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിലെ വീഴ്ച കൂടാതെ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഫീസ് ഈടാക്കുന്നതിലും അപാകതയുള്ളതായി മേൽ ഉദാഹരണത്തിൽ നിന്ന് വ്യക്തമാണ്. ഭരണനിർവ്വഹണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന് ഈ നിയമം കൃത്യമായും കാര്യക്ഷമമായും നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-28 രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

2019-20 വർഷം വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) താഴെപ്പറയുന്ന പദ്ധതിയുടെ ഫയൽ 16.12.2021 ന് ഹാജരാക്കാൻ ആവശ്യപ്പെട്ട് 15.12 2021 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകുകയും 18.12.2021 ലെ 22ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ഫയൽ ഹാജരാക്കാത്ത പക്ഷം ചെലവ് തുക തടസ്സപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം.10 /20 വന്ധ്യതാ നിവാരണ ക്യാമ്പ് ---ചെലവ് തുക 47557/-

രേഖകൾ ഹാജരാക്കാത്തതിനാൽ 47557/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28-1 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ആശുപത്രിയിലേക്ക് ബില്ലിംഗ് മെഷീൻ വാങ്ങൽ | വെറ്ററിനറി ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ |
| പ്രോജക്ട് നം | 138/20 | 140/20 |
| അടങ്കൽ | 25000/-(വികസന ഫണ്ട്-സാധാ) | 60000/- (വികസന ഫണ്ട്-സാധാ) |
| ചെലവ് | 14869/- | 22895/- |

പ്രോജക്ട് നം138/20 പ്രകാരം വാങ്ങിയ ബില്ലിംഗ് മെഷീൻ, 140/20 പ്രകാരം വാങ്ങിയ ലാപ്ടോപ്പ് എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാൻ 18.12.2021 ലെ 24ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെയും ആകെ ചെലവുതുക 37764/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഹാജരാക്കിയ പല പദ്ധതികളുടെ ഫയലുകളിലും ഡി പി സി അംഗീകാരം ലഭിച്ച പദ്ധതികളുടെ പകർപ്പ്, കൈമാറിയ തുക അക്കൗണ്ടിലേക്ക് ലഭ്യമായതിന്റെ രേഖകൾ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്വിസിഷൻ, ഓഡിറ്റ് എൻക്വയറി എന്നിവ മുഖേന രേഖകളാവശ്യപ്പെട്ടിട്ടും അവ ഓഡിറ്റിന് ലഭ്യമാക്കാനോ വിശദീകരണം നൽകാനോ തയ്യാറാകാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള നിരുത്തരവാദപരമായ സമീപനമാണ്. ഓഡിറ്റ് വേളയിൽ രേഖകളാവശ്യപ്പെട്ടിട്ടും നിർവ്വഹണോദ്യോഗസ്ഥർ ഹാജരാക്കാത്തത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 വാടക രജിസ്ട്രേഷൻ- പഞ്ചായത്തിൽ നിന്നും തുക ചെലവാക്കിയതിലെ അപാകത

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഓഫീസിന്റെ പ്രവർത്തനത്തിനുവേണ്ടി വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ 393 മുതൽ 403 വരെയുള്ള കെട്ടിട മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 08.02.2019 ലെ 3(1) തീരുമാന പ്രകാരമാണ് കെ എസ് ഇ ബി യ്ക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളത്. കെട്ടിടം വാടകയ്ക്ക് നൽകുന്ന അവസരത്തിൽ കരാർ സംബന്ധമായ ചെലവുകൾ വഹിക്കേണ്ട ബാധ്യത കെട്ടിടം വാടകയ്ക്ക് എടുക്കുന്ന കക്ഷിയുടെതാണ്. എന്നാൽ വാടക കരാർ എഴുതിയതിന്റെ പകുതി തുക ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന വേങ്ങൂർ കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനിയറുടെ ജി.ബി/ജനറൽ/വാടക/വേങ്ങൂർ/19-20/843/തീയതി 17.07.2019 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 12.08.2019 ലെ വൗച്ചർ നമ്പർ 21900299 പ്രകാരം 8233/- രൂപ പ്രസ്തുത കെട്ടിടത്തിന്റെ വാടക കരാർ പുതുക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്നും ചെലവാക്കിയിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1ൽ ചേർത്തിട്ടുണ്ട്.

## 1-30 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു

പഞ്ചായത്തിൽ ആകെ 22 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അശേഷിക്കുന്നുണ്ട്. 1997-98, 1998-99 മുതൽ 2018-19 വരെയുള്ള വിവിധ വർഷങ്ങളിലെ 22 ഓഡിറ്റ് റിപ്പോർട്ടുകളിലായി ആകെ 204 ഓഡിറ്റ് പരാമർശങ്ങളാണ് നടപടിയെടുക്കാൻ അവശേഷിക്കുന്നത്. 2013-14, 2014-15 മുതൽ 2018-19 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. 2018-19 വർഷം 5 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് ആയി 10000/- രൂപ വീതം നൽകുന്നതിനായി 50000/- രൂപ സി.ഡി.എസിന്റെ വേങ്ങൂരിലുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ട് നം. 10620100093569 ലേക്ക് നൽകിയിരുന്നത് കുടുംബശ്രീകൾക്ക് കൈമാറാതെ സി.എഡി.എസി ന്റെ ബാങ്ക് അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ചിരിക്കുകയാണെന്ന 2018-19 വർഷത്തെ പരാമർശം തീർപ്പാക്കിയില്ല.

2. വെള്ളക്കരം ഇനത്തിൽ 2008-09 മുതൽ 2018-19 വരെ 2019-20 സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്തും, തനത് ഫണ്ട്, പ്ലാൻ ഫണ്ട് പദ്ധതികളിലായി 23963690/- അടവാക്കിയത് വിശദാംശങ്ങളടക്കം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി എച് ഡിവിഷൻ ആലുവയെ അറിയിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് നോട്ടീസിൽ ഈ തുക കുടിശികയിൽ നിന്ന് കുറവ് ചെയ്തിട്ടില്ലെന്ന പരാമർശം ഇപ്പോഴും നിലനിൽക്കുകയാണ്. നിലവിലും ഈ അപാകത പരിഹരിക്കാതെ തുടരുകയാണ്.

3. ലൈസൻസ് ഇല്ലാതെ കോഴി വളർത്തൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച അപാകത പരിഹരിച്ച് ഓഡിറ്റ് പരാമർശം തീർപ്പാക്കിയിട്ടില്ല.

4. തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിലെ പോരായ്മകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

5. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ വർഷങ്ങളിൽ വാട്ടർ അതോറിട്ടി, കെ എസ് ഇ ബി, പൊതുമരാമത്ത് വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികൾക്ക് വർഷം തോറും തുക കൈമാറുന്നതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കാതെ വൻതുകകൾ ഇപ്പോഴും അശേഷിക്കുന്നു.

6. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല .

7. പഞ്ചായത്ത് കനാലിനോടനുബന്ധിച്ച പ്രവൃത്തി സ്വന്തം നിലയിൽ ഏറ്റെടുക്കുകയും യഥാർത്ഥ ഉടമസ്ഥന്റെ അനുമതി ലഭിക്കാതെ പി.വി.ഐ.പി-യുടെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് മരാമത്ത് പ്രവൃത്തി നടത്തിയതിലെ അപാകതകളുടെ അടിസ്ഥാനത്തിൽ 1854421/-രൂപയുടെ ചെലവ് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്നു . ഈ പരാമർശം നിലവിലും തുടരുകയാണ്.

8.പൊങ്ങൻചുവട് ആദിവാസി കോളനിയിൽ സോളാർ പാനൽസ്ഥാപിച്ചതിലെ അപാകതകൾ 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്.

1997-98, 1998-99 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിലനിൽക്കുന്ന പരാമർശങ്ങൾ എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാടക രജിസ്ട്രേഷൻ- പഞ്ചായത്തിൽ നിന്നും തുക ചെലവാക്കിയതിലെ അപാകത

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഓഫീസിന്റെ പ്രവർത്തനത്തിനുവേണ്ടി വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ 393 മുതൽ 403 വരെയുള്ള കെട്ടിട മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 08.02.2019 ലെ 3(1) തീരുമാന പ്രകാരമാണ് കെ എസ് ഇ ബി യ്ക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളത്. കെട്ടിടം വാടകയ്ക്ക് നൽകുന്ന അവസരത്തിൽ കരാർ സംബന്ധമായ ചെലവുകൾ വഹിക്കേണ്ട ബാധ്യത കെട്ടിടം വാടകയ്ക്ക് എടുക്കുന്ന കക്ഷിയുടെതാണ്. എന്നാൽ വാടക കരാർ എഴുതിയതിന്റെ പകുതി തുക ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന വേങ്ങൂർ കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനിയറുടെ ജി.ബി/ജനറൽ/വാടക/വേങ്ങൂർ/19-20/843/തീയതി 17.07.2019 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 12.08.2019 ലെ വൗച്ചർ നമ്പർ 21900299 പ്രകാരം 8233/- രൂപ പ്രസ്തുത കെട്ടിടത്തിന്റെ വാടക കരാർ പുതുക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്നും

ചെലവാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ വരാത്ത കാര്യങ്ങൾക്ക് തുക ചെലവ് ചെയ്തതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.01/09.12.2021) നൽകിയതിന് ലഭിച്ച മറുപടിയിൽ 11.03.2019 ലെ കെ.എസ്.ഇ.ബി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജിബി/ജനറൽ/വാടക/വേങ്ങർ/ 2018-19/2145 നമ്പർ കത്തിൽ കരാർ സംബന്ധമായ ചെലവുകൾ വഹിക്കേണ്ട ബാധ്യത വൈദ്യുതി ബോർഡിന്റെ 1963ലെ Leasing Of Private Buildings Regulations ലെ Clause നമ്പർ 7 പ്രകാരം കെ.എസ്.ഇ.ബിയ്ക്കും, ഗ്രാമപഞ്ചായത്തിനും തുല്യമാണെന്ന് വ്യക്തമാക്കുകയുണ്ടായി. കെ എസ് ഇ ബി 2011 ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം 2014 മുതൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന ലിമിറ്റഡ് കമ്പനിയായി മാറിയതിനാൽ 1963ലെ Leasing Of Private Buildings Regulations നിലനിൽക്കുകയില്ല. ആയതിനാൽ കരാർ സംബന്ധമായ എല്ലാവിധ ചെലവുകളും വഹിക്കേണ്ട ബാധ്യത കെ എസ് ഇ ബിയ്ക്ക് തന്നെയാണ്. പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ വരാത്ത കാര്യങ്ങൾക്ക് തുക ചെലവ് ചെയ്യുന്ന പ്രവണത ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, നഷ്ട തുകയായ 8233/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-2 സെന്റേജ് ചാർജ്ജ് അധികം നൽകി

| പ്രോജക്റ്റ് | പട്ടികജാതി കോളനി പൈപ്പ് നീട്ടൽ(142/20) | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ(20/19) |
|---|---|---|
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 260000/- (വികസന ഫണ്ട് (SCP) | 610000+43000 (വികസന ഫണ്ട് (SCP) |
| ചെലവ് വിവരം (ബിൽ നം,ചെക്ക് നം./തീയതി) | 248000/-(51/ 19-20,20.03.20)ക്യൂ ബിൽ | 1) 610000/-(298/ 27.02.2019)<br>2) 43000/-(69322/ 18.07.2019) |

ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്ക് കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള നിക്ഷേപ പ്രവൃത്തിയായി സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 10% സെന്റേജ് ചാർജ് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റിനെ ആധാരമാക്കി തുക നൽകിയിട്ടുണ്ട്.

ആകെ പ്രവൃത്തിമൂല്യമോ എസ്റ്റിമേറ്റ് തുകയോ ഏതാണ് കുറവ് ആയതിനെ ആധാരമാക്കി സെന്റേജ് ചാർജ് നൽകണമെന്നും ഒരു കോടിയിൽ താഴെ മൂല്യമുള്ള പ്രവൃത്തികളുടെ സെന്റേജ് ചാർജ് 8% ആയിരിക്കണമെന്നും 25.07.2017ലെ ജി.ഒ(പി) നം.95/2017 ധന ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെയാണ് സെന്റേജ് ചാർജ് ആയി എസ്റ്റിമേറ്റ് തുകയുടെ 10% നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക(സെന്റേജ് ചാർജ്10% ജി എസ് ടി 18%,ലംപ്സം തുക ഒഴികെ) | സെന്റേജ് ചാർജ് 10% | സെന്റേജ് ചാർജ് 8% നിരക്കിൽ കണക്കാക്കിയാൽ തുക | സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | പട്ടികജാതി കോളനി പൈപ്പ് നീട്ടൽ (142/20) | 193335.96 | 19333.60 | 15466.87 | 3867 |
| 2 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (20/19) | 554437.54 | 55443.75 | 44355 | 11089 |
| ആകെ | | | | | 14956 |

ആകെ പ്രവൃത്തി മൂല്യത്തിന്റെ 8% എന്ന നിരക്കിൽ സെന്റേജ് ചാർജ് കണക്കാക്കി അധികമായി ഒടുക്ക് വരുത്തിയ സെന്റേജ് ചാർജ് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും സാധൂകരിക്കുന്ന രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.16/17.12.2021) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ 14956/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൌച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | (പ്രൊജക്ട് രൂപീകരിക്കാതെ നൽകി) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21900230/ 18.07.2019 | 43000/- | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ എസ് ഇ ബി | 15/20 സ്ട്രീറ്റ് ലൈൻ നീട്ടൽ | 34/19-20 28.12.2019 | 31860/- | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

പ്രൊജക്ട് നമ്പർ 15/20 പ്രകാരം കെ എസ് ഇ ബി -ക്ക് 31860/- രൂപ നൽകിയത് വാർഷിക ധനകാര്യ പത്രികയിൽ നിക്ഷേപ പ്രവൃത്തികളുടെ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 653000/- രൂപയും, കെ.എസ്.ഇ.ബിയിൽ 2755476/-രൂപയും, പൊതുമരാമത്ത് വകുപ്പിൽ 840000/- രൂപയും ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201, 460500202, 460500205).

### 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 336498 | 112/20 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 336498 | 0 |
| 2 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 540000 | 165/20 ലൈഫ് മിഷൻ | 540000 | 0 |
| 3 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2018-19 | 530000 | 166/20 ലൈഫ് മിഷൻ എസ് ടി | 530000 | 0 |
| 4 | ബ്ലോക്ക്പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2019-20 | 1400000 | 164/20 വീട് നിർമ്മാണം | 1400000 | 0 |
| 5 | ബ്ലോക്ക്പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2019-20 | 165000 | 6/20ശാരീരിക മാനസിക വെല്ലുവിളി | 165000 | 0 |
| | | | 260000 | | 260000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| 6 | ബ്ലോക്ക്പഞ്ചായത്ത് (കുവപ്പടി ബ്ലോക്ക്) | 2019-20 | 325000 | 165/20 വീട് നിർമ്മാണം | 325000 | 0 |
| | | | 679762 | ലൈഫ് മിഷൻ | 679762 | |
| 7 | ബ്ലോക്ക്പഞ്ചായത്ത് (കുവപ്പടി ബ്ലോക്ക്) | 2019-20 | 120000 | 166/20 വീട് നിർമ്മാണം | 120000 | 0 |
| | | | 324000 | ലൈഫ് മിഷൻ | 296913 | 27087 |
| 8 | ബ്ലോക്ക്പഞ്ചായത്ത് (കുവപ്പടി ബ്ലോക്ക്) | 2019-20 | 400000 | 256/20 ലൈഫ്-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 400000 | 0 |
| 10 | ബ്ലോക്ക്പഞ്ചായത്ത് (കുവപ്പടി ബ്ലോക്ക്) | 2019-20 | 350700 | 90/20 പാലിന് സബ്സിഡി | 350700 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക +തൻ വർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | 952/2010/ തസ്വഭവ 19.3.2010 | 0 | 1035414 | 1035414 | 754339 | 0 |
| ലൈഫ് മിഷൻ (KURDFC) | സ.ഉ (എംഎസ്) 2278/18 തസ്വഭവ 18.8.18 | 18360000 | 10744195+ 7615805 =18360000 | 1514706 | - | 16845294 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1258/- രൂപയാണ് വരവ് ചേർത്തിട്ടുള്ളത്. എന്നാൽ പ്രയർ പിരീഡ് ഇൻകം എന്ന ഹെഡ്ഡിലേതുൾപ്പടെയുള്ള ഈയിനത്തിലെ വരവ് തുക 28664/-രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര് | രശീതി നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 2-1(ഡി) | 250 | കൃഷി ഓഫീസർ | 119050102579/19.11.19 |
| 2 | 2011-12, 2012-13 | 2-1 ബി | 1008 | മാത്യൂസ്, ഓവർസീയർ, ആർ ഇ ജി എസ് | 119050102924/05.12.19 |
| 3 | 2017-18 | 3-11 | 1426 | പി വി ബിജു | 119050101644/14.10.19 |
| 4 | 2017-18 | 2-2 | 6135 | എം ഐ ലില്ലി | 119050100271/08.05.19 |
| 5 | 2017-18 | 2-2 | 2135 | പി ഒ എബ്രഹാം | 119050100570/06.06.19 |
| 6 | 2017-18 | 2-2 | 4560 | അജി സി എ | 119050100582/07.06.19 |
| 7 | 2017-18 | 2-2 | 2260 | ഔസേഫ് എം പി | 119050100681/20.06.19 |

| | | | | | |
|---|---|---|---|---|---|
| 8 | 2017-18 | 2-2 | 2760 | മോളി ദേവസ്സി | 119050101013/18.07.19 |
| 9 | 2017-18 | 2-2 | 2210 | സജീവ് സി ജി | 119050101015/19.07.19 |
| 10 | 2017-18 | 2-2 | 4510 | കെ എൻ തങ്കപ്പൻ | 119050101190/07.08.19 |
| 11 | 2017-18 | 2-2 | 1410 | സാബുമോൻ സി എസ് | 119050101395/07.09.19 |
| ആകെ | | | 28664 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | | പാണംകുഴി ബാലവാടി വികസനം | തുക അടവാക്കി |
| 2013-14, 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി -അപാകതകൾ | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73908741.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73602418.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23189.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1820721.00 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-1 | - | 8233.00 | എൻ.എം.മോഹനൻ, സെക്രട്ടറി |
| 3-2 | - | 14956.00 | എൻ.എം.മോഹനൻ, സെക്രട്ടറി |
| ആകെ | | 23189.00 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 653000 | എൻ.എം.മോഹനൻ,സെക്രട്ടറി |
| 1-15 | 1007400 | എൻ.എം.മോഹനൻ,സെക്രട്ടറി |
| 1-16 | 75000 | എൻ.എം.മോഹനൻ,സെക്രട്ടറി |

| | | |
|---|---|---|
| 1-28 | 47557 | ഡോ ആശാലത, വെറ്ററിനറി സർജൻ |
| 1-28-1 | 37764 | ഡോ ആശാലത, വെറ്ററിനറി സർജൻ |
| ആകെ | 1820721 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.എം.മോഹനൻ, സെക്രട്ടറി | സെക്രട്ടറി, മഴവന്നൂർ ഗ്രാമ പഞ്ചായത്ത് | നിരപ്പേൽ വീട്, തൃപ്പൂണിത്തുറ, എറണാകുളം |
| ഡോ ആശാലത, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ അശമന്നൂർ ഗ്രാമ പഞ്ചായത്ത് | രോഹിണി വീട്, പെരുമ്പാവൂർ, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(Ii)/2019/ തീ. 06.07.19 | 1 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(Iii)/2019/ തീ.06.07.19 | 8 |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 6 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 7 |
| 2007-08 To 2010-11 | എൽ എഫ് ഇ (പി2)1612/12/ തീ.1.9.12 | 14 |
| 2011-12 To 2012-13 | എൽ എഫ് ഇ (പി2)763(Iv)/2019/ തീ.06.07.19 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(V)/2019/ തീ.06.07.19 | 11 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി2) 2243/16/ തീ.31.01.2017 | 16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി2)674/19/ തീ.26.7.19 | 10 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി2)161/19/ തീ.15-07-19 | 13 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം(പി.2) 275/2020,തീയതി.16.03.2020 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്